**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1320** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് രജിസ്ട്രേഷൻ,മ്യൂസിയം,പുരാവസ്തു-പുരാരേഖ വകുപ്പുകളിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ;

**<u>മറുപടി:</u> മഞ്ചേരി മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു-പുരാരേഖ വകുപ്പുകളിൽ പുതിയ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.**

**(ബി)** മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(സി)** ഓഫീസിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം വകുപ്പ് ലഭ്യമാക്കുമോ;ആയതനുസരിച്ച് തുക വകയിരുത്തുവാനും എത്രയും വേഗം ഭരണാനുമതി നൽകുവാനും നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പിൽ നിന്ന് അറ്റകുറ്റപ്പണികൾക്കായുള്ള 9 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പു വർഷത്തെ ബജറ്റിൽ സബ് രജിസ്ട്രാർ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ശീർഷകത്തിൽ മതിയായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ അധിക ധനാനുമതിക്കും ഭരണാനുമതിക്കുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**